പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :466 03.03.2020 ലെ മറുപടിക്ക്

## കയർ പുന:സംഘടനാ സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) രണ്ടാം കയർ പുന:സംഘടനാ സ്കീമിന് രൂപം നൽകിയിട്ടുണ്ടോ; ഇതിൽ ഏതൊക്കെ മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്; വ്യക്തമാക്കാമോ; | എ) രണ്ടാം കയർ പുനസംഘടനാ സ്കീമിന് രൂപം നൽകിയിട്ടുണ്ട്. കയർ മേഖല സമ്പൂർണ്ണ യന്ത്രവത്ക്കരണത്തിലൂടെ ആധുനികവത്ക്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുന:സംഘടന. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതു വഴി കൈവരിക്കാനാകും എന്നു കരുതുന്നു. സംസ്ഥാനത്ത് ഇതിനോടകം തന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019 ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകി കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ |

| | |
|---|---|
| | പ്രോജക്റ്റുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 240 എ.എസ്.എം. കൾ സ്ഥാപിച്ചു കഴിഞ്ഞു. 31/03/2020 ൽ 620 എ.എസ്.എം. കൾ 7 പ്രോജക്റ്റുകളിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം. കൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| ബി) ഇതിനായി എൻ.സി.ഡി.സി.യിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) കയർ പുന:സംഘടനാ പദ്ധതി ഊർജ്ജിതമാക്കുന്നതിനായി എൻ.സി.ഡി.സി യിൽ നിന്ന് 200 കോടി രൂപയുടെ ധനസഹായത്തിനുള്ള പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 110 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| സി) പ്രസ്തുത ധനസഹായം ഏതൊക്കെ മേഖലകളുടെ ഉത്തേജനത്തിനായി ഉപയോഗിച്ചുവെന്നും, ഇതുമൂലം ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോയെന്നും അറിയിക്കാമോ; | സി) യന്ത്രവൽക്കരണം, കയർ മ്യൂസിയം, പ്രവർത്തന മൂലധനം, പുതിയ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കൽ, റിസർച്ച് & ഡെവലപ്മെൻറ്, കയർഫെഡിന്റെ ശാക്തീകരണം മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം, പരിശീലനം അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിലാണ് സഹായം ലഭ്യമാകുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷിൻ സ്ഥാപിക്കുന്നതിനും എൻ.സി.ഡി.സി ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ഗുണമേന്മ ഉറപ്പാക്കുന്നതിനായി ആലപ്പുഴയിലെ തിരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് എൻ.സി.ഡി.സി സഹായത്തോടെ തുക അനുവദിച്ചു കഴിഞ്ഞു. കായംകുളം, ആലപ്പുഴ, വൈക്കം, തൃശ്ശൂർ, കണ്ണൂർ തുടങ്ങിയ പ്രോജക്റ്റുകളിൽ തിരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘങ്ങളായി അവയെ ആധുനികവൽക്കരിക്കുകയാണ്. ബയൻറർലെസ് കയർ ബോർഡുകളുടെ നിർമ്മാണത്തിനായി എൻ.സി.ഡി.സി ധനസഹായം ലഭ്യമായിട്ടുണ്ട്. |
| ഡി) കയർ സഹകരണ സംഘങ്ങൾ വഴിയും, നാളികേര ഉല്പാദക പ്രൊഡ്യൂസർ കമ്പനികളുടെ ആഭിമുഖ്യത്തിലും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന 30 ശതമാനം തൊണ്ട് സംസ്കരിച്ച് ചകിരി ഉല്പാദിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | ഡി) പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. |

| | |
|---|---|
| | കണ്ണൂർ പ്രോജക്റ്റ് ഓഫീസിനു കീഴിൽ രണ്ടും, തൃശ്ശൂർ പ്രോജക്റ്റ് ഓഫീസിനു കീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുളളത്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്റ്റുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുളള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ